# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നഗരാസൂത്രണ പദ്ധതികളുടെ കാലാനുസൃതമായ പരിഷ്കരണം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 3299 — 16.12.15- ൽ മറുപടി നൽ കേണ്ടത്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി<br>,, സി.മമ്മൂട്ടി<br>,, എൻ. ഷംസുദ്ദീൻ<br>,, കെ.എൻ.എ.ഖാദർ | | ശ്രീ.മഞ്ഞളാംകുഴി അലി,<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) | നഗരാസൂത്രണ പദ്ധതികൾ കാലാനുസൃതമായി പരിഷ്കരിക്കാത്തത് മൂലം സൃഷ്ടിക്കപ്പെടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ അത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (ബി) | നഗരാസൂത്രണ പദ്ധതികൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി 14 മാസ്റ്റർ പ്ലാനുകളുടെയും വിവിധ ഡീറ്റെയിൽഡ് ടൗൺ പ്ലാനിംഗ് സ്കീമുകളുടെയും മേഖലാ നിയന്ത്രണച്ചട്ടങ്ങൽ കാലാനുസൃതമായി പരിഷ്കരിക്കുകയും മാസ്റ്റർ പ്ലാനുകളും വിശദ നഗരാസൂത്രണ പദ്ധതികളും തയ്യാറാക്കുന്ന പദ്ധതിയിലുൾ പ്പെടുത്തി വിവിധ അംഗീകൃത മാസ്റ്റർ പ്ലാനുകളും, വിശദ നഗരാസൂത്രണ പദ്ധതികളും പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ആവശ്യകതയ്ക്കനുസരിച്ച് മാസ്റ്റർ പ്ലാനുകളും, ഡീറ്റെയിൽഡ് ടൗൺ പ്ലാനുകളും പരിഷ്കരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | നഗരാസൂത്രണ പദ്ധതികൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി 14 മാസ്റ്റർ പ്ലാനുകളുടെയും വിവിധ ഡീറ്റെയിൽഡ് ടൗൺ പ്ലാനിംഗ് സ്കീമുകളുടെയും മേഖലാ നിയന്ത്രണച്ചട്ടങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുകയുണ്ടായി. മാസ്റ്റർ പ്ലാനുകളും വിശദനഗരാസൂത്രണ പദ്ധതികളും തയ്യാറാക്കുന്ന |

| | | | |
|---|---|---|---|
| | | | പദ്ധതിയിലുൾ പ്പെടുത്തി വിവിധ അംഗീകൃത മാസ്റ്റർ പ്ലാനുകളും, വിശദ നഗരാസൂത്രണ പദ്ധതികളും പരിഷ്ക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br>അംഗീകരിച്ചതും, പ്രസിദ്ധീകരിച്ചതുമായ മാസ്റ്റർ പ്ലാനുകളും വിശദ നഗരാസൂത്രണ പദ്ധതികളും പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി സർക്കാർ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>I. കേരള നഗരാസൂത്രണ നിയമങ്ങളിൽ, സർക്കാർ അംഗീകരിച്ച് മാസ്റ്റർ പ്ലാൻ, ഡീറ്റെയിൽഡ് ടൗൺ പ്ലാനിംഗ് സ്കീമുകൾ എന്നിവയുടെ വേരിയേഷൻ സമയബന്ധിതമായി നടത്തുന്നതിന് വ്യവസ്ഥ കൊണ്ടു വന്നിട്ടുണ്ട്.<br>II. മാസ്റ്റർ പ്ലാനുകളും വിശദ നഗരാസൂത്രണ പദ്ധതികളും തയ്യാറാക്കുന്ന പദ്ധതിയിലുൾ പ്പെടുത്തി വിവിധ അംഗീകൃത മാസ്റ്റർ പ്ലാനുകളും, വിശദ നഗരാസൂത്രണ പദ്ധതികളും പരിഷ്ക്കരിക്കുന്നതിനു നടപടി സ്വീകരിച്ചു വരുന്നു. ഈ പദ്ധതിയിൽ പ്പെടുത്തി 5 അംഗീകൃത മാസ്റ്റർ പ്ലാനുകളും 12 പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാനുകളും ഇതിനകം പുതുക്കി തയ്യാറാക്കിയിട്ടുണ്ട്.<br>III. ടൗൺ പ്ലാനിംഗ് പദ്ധികളിലെ ന്യൂനതകൾ പഠിക്കുവാനും പരിഹാരങ്ങൾ നിർ ദ്ദേശിക്കുന്നതിനുമായി **G.O(Rt) No.3428/2014/LSGD dated:22/12/2014** പ്രകാരം രൂപീകരിച്ച കമ്മിറ്റി 30-01-2015-ൽ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>a) അംഗീകൃത മാസ്റ്റർ പ്ലാനുകളുടെയും ഡീറ്റെയിൽഡ് ടൗൺ പ്ലാനുകളുടെയും മേഖലാ നിയന്ത്രണങ്ങൾ പരിഷ്ക്കരിച്ച് |

| | | | | |
|---|---|---|---|---|
| | | | | G.O(Ms)No.305/2015/LSGD dated:29/09/2015, G.O(Ms)No.306/2015/LSGD dated:29/09/2015, എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br>b) പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാനുകളിലും വിശദ നഗരാസൂത്രണ പദ്ധതികളിലും കാലാനുസൃതമായ പരിഷ്കരണങ്ങൾ ഉൾപ്പെടുത്തുന്നതിനു വേണ്ടി 25-02-2015-ലെ<br>**G.O(Rt)No.560/2015/LSGD, G.O(Rt)No.2679/2015/LSGD dated:03/09/2015** എന്നീ ഉത്തരവുകൾ പ്രകാരം സമിതികൾ രൂപീകരിച്ചിട്ടുണ്ട്. മാസ്റ്റർ പ്ലാനുകൾ പരിഷ്കരിക്കുന്നതിനുള്ള കമ്മിറ്റിയുടെ അദ്ധ്യക്ഷൻ തദ്ദേശ സ്വയംഭരണ വകുപ്പ് (നഗരകാര്യ) സെക്രട്ടറിയാണ്.<br>വിശദനഗരാസൂത്രണ പദ്ധതികൾ പരിഷ്കരിക്കുന്നതിനുള്ള കമ്മിറ്റിയുടെ അദ്ധ്യക്ഷൻ മുഖ്യ നഗരാസൂത്രകൻ (പ്ലാനിംഗ്) ആണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്